കേരള സർക്കാർ

സംഗ്രഹം

തസ്വഭവ- കോഴിക്കോട് ജില്ലയിലെ തെക്കേപ്പുറം പ്രദേശത്തെ വലിയ തറവാട് വീട്ടുകളിൽ താമസിക്കുന്നവർക്ക് പ്രത്യേകം വീട്ടുനമ്പർ അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർബി)വകുപ്പ്

സ.ഉ. (സാധാ)നമ്പർ1710/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 24.05.2017

---

പരാമർശം :-1). ബഹു. എം.എൽ.എ ഡോ. എം.കെ. മുനീർ, 19.10.2016 ൽ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയ്ക്ക് നൽകിയ കത്ത്.

2) ചീഫ് ടൗൺ പ്ലാനറുടെ 01.04.2017 ലെ ഇ 4/369/2017/കെ.ഡിസ് നമ്പർ കത്ത്.

3). നഗരകാര്യഡയറക്ടറുടെ 23.05.2017 ലെ ജി3-12223/2017 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് സൗത്ത് തെക്കേപ്പുറം പ്രദേശത്തുള്ള തറവാട് വീട്ടുകളിൽ ഒരു തറവാട്ടിൽ തന്നെ എട്ടും പത്തും കുടുംബങ്ങൾ വേറിട്ട് താമസിക്കുന്നതായും, ഇവർക്ക് ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം റേഷൻ കാർഡോ, വാട്ടർ കണക്ഷനോ ഇലക്ട്രിക്ക് കണക്ഷനോ ലഭിക്കുന്നില്ലായെന്നും ഇവരെ ഫ്ലാറ്റുകൾ പോലെ കണക്കാക്കി പ്രത്യേകം പ്രത്യേകം കെട്ടിട നമ്പരുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കാണിച്ചു പരാമർശം (1) പ്രകാരം സർക്കാരിന് കത്ത് ലഭിക്കുകയുണ്ടായി.

2. ഒരു കുടുംബത്തിൽ തന്നെ വിവിധ കുടുംബങ്ങൾ താമസിക്കുന്നുവെങ്കിൽ അതിനനുസൃതമായി തദ്ദേശസ്ഥാപനത്തിൽ മതിയായ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ പരിശോധനയ്ക്കും മറ്റു നടപടികൾക്കും ശേഷം വ്യത്യസ്ത നമ്പരുകൾ നൽകാവുന്നതാണെന്ന് ചീഫ് ടൗൺ പ്ലാനർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

3. കോഴിക്കോട് ജില്ലയിലെ തെക്കേപ്പുറം പ്രദേശത്ത് വലിയ തറവാട് വീട്ടുകളിൽ എട്ട്, പത്ത് കുടുംബങ്ങൾ വേറിട്ട് താമസിക്കുന്നുണ്ടെങ്കിലും, പ്രത്യേകം വീട്ടുനമ്പർ ഇല്ലാത്തതിനാൽ വോട്ടർ പട്ടികയിൽ ഉൾപ്പെടെ ഇത്രയും ആൾക്കാർ ഒരു വീട്ടിൽ താമസിക്കുന്നതായാണ് കണക്കാക്കുന്നതെന്നും ആയതിനാൽ പ്രത്യേകം പ്രത്യേകം വീട്ടുനമ്പർ അനുവദിക്കുന്നതുമൂലം ഇപ്പോൾ നേരിട്ടു കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണെന്നും, എന്നാൽ പ്രത്യേകം വീട്ടുനമ്പറുകൾ അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ച് വ്യക്തത വരുത്തണമെന്നും നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

4. നഗരകാര്യ ഡയറക്ടറുടെയും, ചീഫ് ടൗൺ പ്ളാനറുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ തെക്കേപ്പുറം പ്രദേശത്തെ വലിയ തറവാട് വീട്ടുകളിലെ ഒരോ കുടുംബത്തിനും നിലവിലുള്ള

സാഹചര്യത്തിൽ പ്രത്യേകം വീട് നമ്പർ അനുവദിക്കേണ്ടത് അനിവാര്യമാണെന്ന് സർക്കാർ കാണുന്നു. ഒരു പ്രത്യേക കേസ് എന്ന നിലയിൽ തറവാട് വീടുകളിൽ വേറിട്ട് താമസിക്കുന്നവർക്ക് ഇപ്രകാരം വീട് നമ്പർ നൽകുന്നതിന് അനുവാദം നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിലെ താമസക്കാർ സർക്കാർ നിശ്ചയിക്കുന്ന മാതൃകയിലുള്ള അപേക്ഷയിൽ മതിയായ രേഖകൾ സഹിതം (തറവാട് വീടിന്റെ പ്ളാൻ ഉൾപ്പെടെ) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അപേക്ഷ സമർപ്പിച്ചാൽ ഉടമസ്ഥവകാശത്തെ സംബന്ധിച്ച് വ്യക്തത വരുത്തി പ്രത്യേകം പ്രത്യേകം വീട്ട് നമ്പർ അനുവദിക്കുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

5. സംസ്ഥാനത്തിന്റെ മറ്റുഭാഗങ്ങളിലെ തറവാട് വീടുകളിലെ താമസക്കാർക്കും ഇതേ രീതിയിലുള്ള ആവശ്യം വരികയാണെങ്കിൽ ഇത്തരത്തിൽ പ്രത്യേകം വീട്ടുനമ്പർ അനുവദിക്കാവുന്നതാണ്.

6. ഇക്കാര്യം സംബന്ധിച്ച് കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി സർക്കാർ പിന്നീട് വരുത്തുന്നതാണ് .

( ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി പി വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

ഡോ. എം.കെ. മുനീർ, ബഹു. എം.എൽ.എ , മെഹ്ഫിൽ, ജാഫർഖാൻ കോളനി, മാവൂർ റോഡ്, കോഴിക്കോട്- 673006. (ആമുഖ കത്ത് സഹിതം).
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം.
ടൗൺപ്ലാനർ, കോഴിക്കോട്.
സെക്രട്ടറി , കോഴിക്കോട് കോർപ്പറേഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ